

# നെസ്റ്റ്

## 2020

ലിറ്റിൽകൈറ്റ്സ് മാഗസിൻ

## ജി.എച്ച്.എസ്. പരിയാരം

## പത്രാധിപസമിതി

ചീഫ് എഡിറ്റർ

വി.കെ. സുനജ (എച്ച്.എം. ജി.എച്ച്.എസ്. പരിയാരം)



അസോസിയേറ്റ് എഡിറ്റർ

എം.സുനിൽകുമാർ

(സീനിയർ അസിസ്റ്റന്റ് ജി.എച്ച്.എസ്. പരിയാരം)

സ്റ്റുഡന്റ് എഡിറ്റർ

പി. അനീസ്

ചീഫ് സബ്ബ് എഡിറ്റേഴ്സ്

പി. മുഹമ്മദ് യാസിൻ

പി.എസ്. അബ്ദുൾ ഖുദ്ദൂസ്

സബ്ബ് എഡിറ്റേഴ്സ്

ടി.മുഹമ്മദ് സിനാൻ

മുഹമ്മദ് ഇർഫാൻ

സ്റ്റാഫ് എഡിറ്റേഴ്സ്

അനീഷ് ജോസഫ്

എൽ.സീമ

സാങ്കേതിക സഹായം

പി.കെ. സജ്ന

# എഡിറ്റോറിയൽ

പരിയാരം ജി.എച്ച്.എസിലെ
ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ തയ്യാറാക്കിയ നെസ്റ്റ്
സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും കൂടാണ്.
കുട്ടികളുടെ മനസ്സുകളിൽ സമഭാവനയുടെയും സർ
ഗ്ഗാത്മകതയുടെയും കൂടുകൂട്ടാനും അത് വിശാലമായ
ലോകത്തിലേക്ക് പറന്നുയരാനും ഒരു തുടക്കമാകട്ടെ ഈ
നെസ്റ്റ് എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

വി.കെ. സുനജ
ചീഫ് എഡിറ്റർ

# ഉള്ളടക്കം

റബ്ബർ എന്ന സുഹൃത്ത്..... 4

തെറ്റ്..... 5

മായാത്ത ഓർമകൾ..... 6

മലാലയൂസുഫ് സായ്

ചരിത്രത്തിലെ യുവത്വം..... 11

ഒരുമയുടെ ബലം...... 19

മാൻ..... 20

# റബ്ബർ എന്ന സുഹൃത്ത്

മുഹമ്മദ് മിർഷാദ്



പെൻസിലിന് ഒരു തെറ്റു പറ്റിയാൽ മായ്ക്കാൻ
റബ്ബർ എന്ന സുഹൃത്തുണ്ട്.

പക്ഷെ പേനക്ക് തെറ്റു പറ്റിയാൽ
അതു മായ്ക്കാൻ കൂട്ടുകാരൻ ഇല്ല.

കവിത






ടി. മുഹമ്മദ് സിനാൻ

ചെറുകറ കഴുകിയാൽ പോകും
പക്ഷേ,വലുതായാലൊട്ടു പോകില്ലതാനും,

ചെറുതെറ്റ് ചെയ്താൽ പൊറുക്കും വലുതായാലൊട്ടു
പൊറുക്കില്ലതാനും,

ചെറുതിലെ തെറ്റ് നുള്ളിക്കളഞ്ഞാൽ
പിന്നീടൊരിക്കലും ദുഃഖിക്കേണ്ടതില്ല......!

ചെറുകഥ

# മായാത്ത ഓർമ്മകൾ



എം.കെ. റൗഷീന

"മോളേ.... മോളേ.... എണീക്ക് നേരം കുറെ ആയി ഇപ്പോൾ എണീക്കാ ഉമ്മാ മാജ്‌മോൾ പറഞ്ഞു. എണീറ്റ ഉടൻ അവൾ ഇക്കാക്കയുടെ മുറിയിൽ ചെന്നു.



ഉമ്മാ ഇക്കാക്ക എവിടെ. അടുക്കളയിൽ ഉമ്മ അവൻ പുറത്ത് പോയി. ടിങ്... ടിങ്... മോളേ ആരാണെന്ന് നോക്ക്.
മാജി വാതിൽ തുറന്ന് നോക്കിയപ്പോൾ ഇക്കാക്ക
കുറെ കവറുകളുമായി നിൽക്കുന്നു. ഉമ്മ എവിടെ. മാജ്മോൾ അടുക്കളയിൽ. ഉമ്മാ... ഉമ്മാ...ഇക്കാക്ക
വിളിക്കുന്നു. ഉമ്മ എന്തണ് മോനേ? നീ എവിടെക്കാ-
ണ് പോയത്. അതൊക്കെ ഞാൻ പറയാം. ഉപ്പ എവി-
ടെ ? ഉമ്മ ഉപ്പ കടയിൽ പോയി. എന്നാൽ ഇത് ഉമ്മാക്ക്. ഇത് ഉപ്പാക്ക്. ഇത് എന്റെ വക പെരുന്നാൾ കുപ്പായം, ഇക്കാക്ക പറഞ്ഞു നിർത്തി മുറിയിൽ പോയി. ഉമ്മ അടുക്കളയിലേക്കും മജിമോൾ എനിക്ക്
കുപ്പായം ഇല്ലേ... എനിക്ക് പെരുന്നാളും ഇല്ലേ? ഇക്കാക്ക... ഇക്കാക്ക... ഇക്കാക്ക എവിടെ? ഇക്കാക്ക
ഞാൻ ഇവിടെ ഉണ്ട് മാജിമോൾ ഇക്കാക്ക പെരുന്നാ-
ൾ ഇല്ലേ? ഇക്കാക്ക ഇതാണ് എന്റെ കുപ്പായം നല്ല
രസം ഇല്ലേയോ? ഇക്കാക്ക മാജിക്ക് പെരുന്നാളും കുപ്പാ
യവും ഇല്ലേ? മാജിമോൾ ഇല്ല എനിക്ക് ഇല്ല മാജിമോൾ കരയാൻ തുടങ്ങി. ഉടൻ തന്നെ ഇക്കാക്ക
മുറിയിലെ വലിയ അലമാറ തുറന്ന് ഒരു പൊതി എടു-
ത്തിട്ട് മാജിമോൾക്ക് നേരെ നീട്ടി. ഇത് നിനക്ക് ഉള്ളതാ. മാജിമോക്ക് പെരുന്നാളും കുപ്പായവും ഉണ്ട്
മാജിമോൾ ഇക്ക് കുപ്പായം ഇക്കാക്ക വാങ്ങി തന്നെ
നല്ല മണം ഉമ്മ... ഉമ്മ ഉമ്മ എവിടെ ഉമ്മ എന്താണ്
മോളെ മാജിമോൾ ഇക്ക് ഇക്കാക്ക പുതിയ കുപ്പായം

വാങ്ങി തന്നു ഉമ്മ നല്ല രസം ഉണ്ടല്ലോ! ഉടൻ ടിങ്... ടിങ്... മാജിമോൾ ഓടിച്ചെന്ന് വാതിൽ തുറന്നു നോക്കിയപ്പോൾ ഉപ്പയാണ് ഉപ്പ ഇക്ക് ഇക്കാക്ക പുതിയ കുപ്പായം വാങ്ങി തന്നു ആണോ നല്ല രസം ഉണ്ടല്ലോ! മാജിമോൾ പിന്നേയും പറയാൻ തുടങ്ങി

ഇക്ക് മാത്രമല്ല ഉപ്പാക്കും ഉമ്മാക്കും ഇക്കാക്കാക്കും കുപ്പായം വാങ്ങികുറച്ചു കഴിഞ്ഞപ്പോൾ ഉപ്പ ഫോൺ

അടിക്കുന്നു മാജിമോൾ പറഞ്ഞു ഉപ്പ ഹലോ സീലിമേ

അ ആണോ എന്നാൽ മാജിമോൾ എന്താണ് ഉപ്പ ഉപ്പ

നാളെ പെരുന്നാൾ ആണെന്ന് എല്ലാവരോടും അങ്ങട്ട് പോവാൻ മാജിമോൾ ആണോ ഉപ്പ എന്നാൽ എന്റെ

മിഠായി എവിടെ? എന്നാൽഎന്റെമിഠായി എവിടെ? ഉപ്പ ഇതാ നിന്റെ മിഠായി ഇക്കാക്കാക്കും കൊടുക്ക ണം ഉമ്മ എവിടെ? ഉമ്മ അടുക്കളയിലുണ്ട് ഇക്കാക്കാ...

ഇക്കാക്കാ മിഠായി വേണോ? ഞാൻ മുറിയിലുണ്ട് ഇങ്ങോട്ട് വാ മാജിമോൾ ഓടി ചെന്നു വാതിൽ തുറന്നു

ഇക്കാക്കാ ഉപ്പ വന്നു പിന്നെ നാളെ പെരുന്നാൾ ആണെന്ന് പറഞ്ഞു എനിക്ക് പുതിയ ഉടുപ്പിട്ട് അടുത്തുള്ള വീടുകളിൽ പോവണം ആരാണ് വാങ്ങി തന്നത് എന്ന് ചോദിച്ചാൽ ഇക്കാക്ക വാങ്ങിതന്നതാ-

ണെന്ന് പറയണം ഇക്കാക്ക ചെറു പുഞ്ചിരിയിൽ എല്ലാം ഒതുക്കി അപ്പോഴാണ് ആ ദുരന്തം കുടുംബത്തെ

പിടികൂടിയത് പെട്ടന്ന് ഒരു ശബ്ദം കേട്ട് ഇക്കാക്കയും മാജിമോളും നെട്ടി പിന്നീടാണ് മനസ്സിലായത് ആ

ശബ്ദം അടുക്കളഭാഗത്ത് നിന്നാണെന്ന് ഇക്കാക്കയും മാജിമോളും അടുക്കളയിലേക്ക് ഓടി പെട്ടന്നുണ്ടായ മഴ വെള്ളപ്പാചിലിൽ അവരുടെ വീട് തകർന്നു മാജിമോളുടെ തലയിലും ഇക്കാക്കയുടെ കാലിലും

പരിക്കുണ്ടായി രണ്ടു ദിവസത്തോളം വെള്ളപ്പൊക്കം

ഉണ്ടായി ആളുകൾ കപ്പലിലും മറ്റും വന്ന് ആ പ്രദേ-

ത്തുള്ള ആളുകളെ രക്ഷിച്ചു ഇക്കാക്ക രണ്ടു ദിവസത്തോ

ളം ആശുപത്രിയിലായിരുന്നു മൂന്നാമത്തെ ദിവസം സലീംക്ക വന്ന് ഇക്കാക്കയെ തറവാട്ടിലേക്ക് കൊണ്ടുപ്പോയി വണ്ടിയിൽ നിന്ന് ഇറങ്ങിയപ്പോൾ

വീടിനു ചുറ്റും ആളുകൾകാൽ വേദന ഉണ്ടായിരുന്നെ

കിലും വേഗത്തിൽ നടന്നു പെട്ടന്ന് മുത്താപ്പ വന്ന് കൈ

പിടിച്ചു എന്നിട്ട് ഇങ്ങനെ പറഞ്ഞു മോൻ വിഷമിക്കണ്ട

ഞങ്ങളൊക്കെ ഇല്ലെ ഇക്കാക്ക അകത്തേക്ക് കേറിയപ്പോൾ തൻെറ കുഞ്ഞനിയത്തി ഒരു വെള്ളക്കുപ്പായമിട്ട് കിടക്കുന്നു. ഞാൻ വാങ്ങിയ കുപ്പായം! അല്ല ഇത് ഇക്കാക്ക ചിന്തിച്ചു. പിന്നെയാണ്

മനസ്സിലായത് നമസ്കാര കുപ്പായമാണ് എന്ന് അടുത്തുള്ള രണ്ട് താത്തമാർ പറയുന്നത് കേട്ടു ഇവൻെറ

ഉപ്പാനെയും ഉമ്മാനെയും കിട്ടീട്ടില്ല. ചിരിച്ച് കടക്കുന്ന മാജിമോളെ കെട്ടിപ്പിടിച്ച് അവൻ ഉറക്കെകരഞ്ഞു.

…………………………………………………………………

ലേഖനം

# മലാല യൂസഫ്സായ്

# ചരിത്രത്തിലെ യുവത്വം



**പി.അനീസ്**



**സ്ത്രീ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന പാകിസ്ഥാൻ ആക്റ്റിവിസ്റ്റും ഏറ്റവും പ്രായം കുറഞ്ഞ നോബൽ സമ്മാന ജേതാവുമാണ് മലാല യൂസഫ്സായ്.**

പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം നേടുന്നതിനെതിരെയുള്ള താലിബാൻെറ നിരോധനത്തോടുള്ള പ്രതിക്ഷേധത്തിന്റേയും അതുമായി ബന്ധപ്പെട്ട സാമൂഹ്യ സക്രിയതയുടേയും പേരിലാണ് മലാല അറിയപ്പെടുന്നത്. സ്വാത്ത് താഴ്വരയിൽ താലിബാൻ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിലെ ജീവിതത്തെ സംബന്ധിച്ച് 2009-ൽ പതിനൊന്നു വയസ്സുള്ളപ്പോൾ ബി.ബി.സിക്കു വേണ്ടി എഴുതാൻ തുടങ്ങിയ ബ്ലോഗാണ് അവളെ ആദ്യം ശ്രദ്ധയിൽ കൊണ്ടുവന്നത്. പിന്നീട് പല പുരസ്കാരങ്ങൾക്കും നാമ നിർദ്ദേശം ചെയ്യപ്പെട്ട മലാല പാകിസ്ഥാന്റെ ആദ്യത്തെ ദേശീയ സമാധാന പുരസ്കാരം നേടി. മാലാലയോടുള്ള ആദരവ് പ്രകടിപ്പിക്കാൻ ഐക്യരാഷ്ട്ര സഭയുടെ ആഹ്വാന പ്രകാരം 2012 നവംബർ 10 **അന്താരാഷ്ട്ര മലാല ദിന**മായി ആചരിച്ചു.2015-ഓടെ ലോകത്തെ എല്ലാ പെൺകുട്ടികളേയും വിദ്യാലയത്തിലെത്തിക്കാനുള്ള ഐക്യരാഷ്ട്ര പ്രചാരണ പരിപാടിയുടെ മുദ്രാവാക്യം ഇതാണ്: 'ഞാനും മലാല'.

2012 ഒക്ടോബർ 9-നു നടന്ന ഒരു വധ ശ്രമത്തിൽ മലാലയുടെ തലയ്ക്കും കഴുത്തിനും ഗുരുതരമായ പരിക്കേറ്റു. സ്കൂൾ കഴിഞ്ഞ് സ്കൂൾ ബസ്സിൽ വീട്ടിലേക്കു മടങ്ങുമ്പോഴായിരുന്നു ആക്രമണം. ആക്രമണത്തെ തുടർന്നുള്ള ദിവസങ്ങളിൽ അബോധാവസ്ഥയിൽ

കഴിഞ്ഞ മലാലയുടെ സ്ഥിതി ക്രമേണ ഭേദപ്പെട്ടു. വധശ്രമത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത താലിബാൻ വക്താവ്, മലാലയെ "അശ്ലീലതയുടെ എത്രയും വേഗം അവസാനിപ്പിക്കേണ്ട പുതിയൊരു അദ്ധ്യായം" (a new chapter in obscenity) എന്നു വിശേഷിപ്പിച്ചു. പാകിസ്ഥാനിലെ 50 ഇസ്ലാമിക പുരോഹിതന്മാർ മാലാലയെ വധിക്കാൻ ശ്രമിച്ചവർക്കെതിരെ ഒരു ഫത്വാ ഇറക്കി .

2014-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനാർഹയായ മലാല. നോബൽ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് മലാല.



## ജീവിത രേഖ

പാകിസ്ഥാൻ താലിബാന്റെ ശക്തി കേന്ദ്രമായ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിലെ സ്വാത് ജില്ലയിലെ മിങ്കോറയാണ്

മലാലയുടെ ജന്മദേശം. വിദ്യാഭ്യാസ, യുവജന, വനിതാവകാശ പ്രവർത്തകനും സ്കൂൾ ഉടമയും കവിയുമായ സിയവുദ്ദീൻ യൂസഫാണ് പിതാവ്. പഷ്തൂൺ കവിയും പോരാളിയുമായ മലാലായി ഓഫ് മായിവന്ദിനോടുള്ള ഇഷ്ടമാണ് മലാലയ്ക്ക് പിതാവ് ആ പേരിടാൻ കാരണം. ഖുഷാൽ പബ്ലിക് സ്കൂൾ എന്ന പേരിൽ ഒരു നിര സ്കൂളുകൾ നടത്തുന്നുണ്ട് അദ്ദേഹം. വിദ്യാഭ്യാസ അവകാശ പ്രവർത്തകയായി അവളെ മാറ്റിയതും അദ്ദേഹമായിരുന്നു. 2008 സെപ്റ്റംബറിലാണ് വിദ്യാഭ്യാസ അവകാശത്തെ കുറിച്ച് മലാല പൊതുവേദിയിൽ സംസാരിച്ചു തുടങ്ങിയത്. പെൺകുട്ടികളുടെ പഠനാവകാശം നിഷേധിക്കുന്ന താലിബാനെതിരെ സംസാരിക്കാൻ പെഷവാറിലെ പ്രസ്സ് ക്ലബ്ബിൽ അവളെ കൊണ്ടുപോയത് പിതാവാണ്. 2007 ഒടുവിലാണ് സ്വാത് ജില്ലയുടെ നിയന്ത്രണത്തിനു വേണ്ടി പാകിസ്ഥാനും താലിബാനും യുദ്ധം തുടങ്ങിയത്. ഒന്നാം സ്വാത് യുദ്ധം എന്നാണ് ഇത് അറിയപ്പെടുന്നത്. സ്വാത്തിന്റെ നിയന്ത്രണം കൈക്കലാക്കിയ താലിബാൻ സ്വാത് വാലിയിൽ ടെലിവിഷനും സംഗീതവും പെൺകുട്ടികളുടെ വിദ്യാഭ്യാസവും നിരോധിച്ചു. സ്ത്രീകൾ സാധനങ്ങൾ വാങ്ങാൻ പോകുന്നത് വിലക്കി.

## ബി.ബി.സി. ബ്ലോഗർ

സ്വാത്തിലെ സ്ഥിതി ഇതായിരിക്കുമ്പോൾ 2009-ന്റെ തുടക്കത്തിൽ__ബി.ബി.സി. യുടെ__ഉറുദു വിഭാഗം മലാലയുടെ പിതാവ് സിയാവുദ്ദീനെ സമീപിച്ചു. അദ്ദേഹത്തിന്റെ സ്കൂളിലെ ഏതെങ്കിലും കുട്ടിയെ കൊണ്ട് താലിബാൻ നിയന്ത്രണത്തിലെ സ്വാത്തിനെ പറ്റി എഴുതിക്കാമോ എന്ന് ചോദിച്ചു. അയിഷ എന്ന കുട്ടി ഡയറി എഴുതാൻ സമ്മതിച്ചു. എന്നാൽ താലിബാൻ തിരിച്ചടി ഭയന്ന അയിഷയുടെ മാതാപിതാക്കൾ അത് നിർത്തിച്ചു. പിന്നെ സിയാവുദ്ദീന് മുന്നിൽ സ്വന്തം മകളാണ് ഉണ്ടായിരുന്നത്. അങ്ങനെ മലാല ഡയറി എഴുതി തുടങ്ങി.

2009 ജനുവരി 3-ന് ബി.ബി.സി. ഉറുദു ബ്ലോഗിൽ പ്രത്യക്ഷപ്പെട്ട മലാലയുടെ ആദ്യ ബ്ലോഗ് അവളെ പ്രശസ്തയാക്കി. നോട്ട് കൈകൊണ്ടെഴുതി ഒരു റിപ്പോർട്ടർക്ക് കൈമാറുകയാണ് മലാല ചെയ്തിരുന്നത്. അദ്ദേഹം അത് സ്കാൻ ചെയ്ത് മെയിൽ ചെയ്യുകയായിരുന്നു.

## 'ഞാൻ മലാല'

മലാലയും ബ്രിട്ടീഷ് പത്ര പ്രവർത്തക ക്രിസ്റ്റീന ലാംബും ചേർന്നെഴുതിയ മലാലയുടെ ജീവചരിത്ര കൃതിയാണ് 'ഞാൻ

മലാല'. ഈ പുസ്തകം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ സ്കൂൾ പുസ്തക ശാലയിലേക്ക് വാങ്ങുകയോ ഇല്ലെന്ന് ഓൾ പാകിസ്താൻ പ്രൈവറ്റ് സ്കൂൾസ് ഫെഡറേഷൻ തീരുമാനിച്ചിരുന്നു. പുസ്തകം വിൽക്കുന്ന കടകൾ ആക്രമിക്കുമെന്ന് താലിബാൻ ഭീഷണിപ്പെടുത്തിയിരുന്നു.

## വധ ശ്രമം

"നിങ്ങളിലാരാണ് മലാല? പറയൂ.. ഇല്ലെങ്കിൽ നിങ്ങളെല്ലാവരേയും ഞാൻ വെടിവെച്ചുകൊല്ലും.." തലക്കെട്ടുള്ള ഒരു താടിക്കാരൻ ആക്രോശിച്ചു. മലാലയെ വധിക്കാനുള്ള പദ്ധതിയുമായെത്തിയ താലിബാൻകാരന്റെ വാക്കുകൾ മലാല ഓർത്തു വെയ്ക്കുന്നത് അങ്ങനെയാണ്. സ്കൂൾ കഴിഞ്ഞ് സ്കൂൾ ബസ്സിൽ വീട്ടിലേക്കു മടങ്ങുമ്പോഴായിരുന്നു ആക്രമണം. ബസിനുള്ളിലെ മുഴുവൻ കുട്ടികളോട് അയാൾ ചോദിച്ചു. അവസാനം അയാൾ മലാലയെ കണ്ടെത്തി. കൈയ്യെത്തും ദൂരത്തു നിന്നും അയാൾ നിറയൊഴിച്ചു. ഒരു വെടിയുണ്ട അവളുടെ തല തുളച്ച് കയറി കഴുത്തിലൂടെ കടന്ന് തോളെല്ലിനടുത്തെത്തി. മരണത്തോട് മല്ലടിച്ച് ദിവസങ്ങളോളം കിടന്ന മലാലയുടെ തോളിൽ നിന്നും ഇംഗ്ലണ്ടിലെ ബർമിങ്ഹാം ക്യൂൻ

എലിസബത്ത് ഹോസ്പിറ്റലിലെ ഡോക്ടർമാർ വെടിയുണ്ട പുറത്തെടുത്തു.ക്രമേണ അവൾ സുഖം പ്രാപിച്ചു.

## പ്രതികരണം

മലാലയ്ക്കു വെടിയേറ്റതോടെ അന്താരാഷ്ട്ര സമൂഹം പ്രതികരിച്ചു. പാകിസ്ഥാനിലെ കുട്ടികൾ ഉണർന്നു. ഒക്ടോബർ 12-ന് പാകിസ്ഥാനിലെ 50 ഇസ്ലാമിക പുരോഹിതർ ചേർന്ന് മലാലയെ ആക്രമിച്ച താലിബാൻ കൊലയാളികൾക്കെതിരെ ഫത്‌വ പുറപ്പെടുവിച്ചു. ആക്രമികളെ കുറിച്ച് വിവരം നൽകുന്നവർക്ക് പാക്ക് അധികൃതർ ഒരു കോടി പാകിസ്ഥാൻ രൂപ സമ്മാനമായി പ്രഖ്യാപിച്ചു.

മലാലയ്ക്ക് വെടിയേറ്റ ദിവസം ലോസ് ആഞ്ചെലെസിൽ_നടന്ന സംഗീത പരിപാടിയിൽ പാടിയ 'ഹ്യൂമൻ നാച്വർ' എന്ന പാട്ട് അവൾക്ക് സമർപ്പിച്ചാണ് പോപ്പ് ഗായിക മഡോണ പ്രതികരിച്ചത്. ഹോളിവുഡ് താരം ആഞ്ജലീന ജോളി മലാല സംഭവത്തെ കുറിച്ച് ലേഖനമെഴുതി. പാകിസ്ഥാനിലേയും അഫ്ഗാനിസ്ഥാനിലേയും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ജോളിയും മാധ്യമ പ്രവർത്തകയായ ടിന ബ്രൗണും "വിമൻ ഇൻ ദി വേൾഡ് ഫൗണ്ടേഷൻ" എന്ന സംഘടനയിലൂടെ ധന സമാഹരണം തുടങ്ങി. യു.എസ്. മുൻ

പ്രഥമ വനിത ലോറ ബുഷ് "വാഷിങ്ടൺ പോസ്റ്റ്" പത്രത്തിൽ മലാലയെ ആൻഫ്രാങ്കുമായി താരതമ്യപ്പെടുത്തി ലേഖനങ്ങളെഴുതി.

യു.എസ്. പ്രസിഡന്റ് ബറാക്ക് ഒബാമ, വിദേശകാര്യ സെക്രട്ടറി ഹിലരി ക്ലിന്റൺ, യു.എൻ. സെക്രട്ടറി ബാൻ കി മൂൺ എന്നിവരെല്ലാം മലാലയ്ക്കു നേരെയുണ്ടായ അക്രമണത്തെ അപലപിച്ചു.

മലാലയ്ക്കു സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകണമെന്നാണ് ഏറ്റവും ഒടുവിൽ ഉയർന്ന ആവശ്യം.

## മലാല മലയാളത്തിൽ

മലാലയ്ക്ക് വെടിയേറ്റ് ദിവസങ്ങൾക്കകം അവളുടെ ഡയറി കുറിപ്പുകൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. "മലാല യൂസുഫ്സായി: ഒരു പാകിസ്താൻ സ്കൂൾ വിദ്യാർത്ഥിനിയുടെ ജീവിത കുറിപ്പുകൾ" എന്നാണ് പുസ്തകത്തിന്റെ പേര്. മലാലയുടെ ഡയറി കുറിപ്പുകൾ, ലഘു ജീവചരിത്രം, പെഷവാറിലെ പത്ര പ്രവർത്തകൻ സാഹിദ് ബുനേരി നടത്തിയ അഭിമുഖം, അനുഭവ കുറിപ്പുകൾ എന്നിവയാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

കോഴിക്കോട് ഇൻസൈറ്റ് പബ്ലിക്കയാണ് പുസ്തകത്തിന്റെ പ്രസാധകർ

## വിവാദങ്ങൾ

മലാല സംഭവം അമേരിക്കൻ ചാര സംഘടന സി.ഐ.എ. ഇടപെട്ട് നടത്തിയ ഒരു നാടകമാണ് എന്ന ഒരു വാദവും നിലവിൽ ഉണ്ട്.

## മലാല ദിനം

മലാലയുടെ ജന്മദിനം ഐക്യരാഷ്ട്രസഭ 'മലാല ദിന'മായി ആചരിക്കുന്നു. 2013 ജൂലൈ 12 ന് മലാല ദിനം ആചരിക്കുന്നതിന്റെ ഭാഗമായി യു.എൻ. വിളിച്ച് ചേർത്ത യുവജന സമ്മേളനത്തിൽ മലാല പ്രസംഗിച്ചിരുന്നു.



ഗുണപാഠകഥ

# ഒരുമയുടെ ബലം



പി.എസ്. അബ്ദുൾ ഖുദ്ദൂസ്

കാടിനടുത്തുള്ള ഗ്രാമത്തിൽ നാലു പശുക്കൾ
ഒരുമയോടെ കഴിഞ്ഞിരുന്നു. കൂട്ടത്തോടെ
നടന്നിരുന്ന അവയോട് അടുക്കാൻ മറ്റു മൃഗങ്ങൾ ഭയപ്പെട്ടു.
പക്ഷെ ഒരുദിവസം നിസാരകാര്യത്തിന്റെ പേരിൽ
ഒരു ചങ്ങാതി അവരിൽ നിന്ന് പിരിഞ്ഞു.

ഒറ്റക്ക് കാട്ടിൽ മേയാൻ പോയ ആ പശു-
വിനെ കടുവ പിടികൂടാൻ ശ്രമിച്ചു.അപ്പോൾ മറ്റേ പശുക്കൾ
വന്നതോടെ കടുവ ഓടി മറഞ്ഞു.
"ഒരുമയോളം വലിയ ബലം വേറെയില്ല"
എന്ന് ആപശുവിന്റെ അനുഭവം തെളിയിച്ചു.

ഗുണപാഠകഥ

# മാൻ





പി. മുഹമ്മദ് യാസീൻ

ഒരിടത്തൊരു മാൻ ജിവിച്ചിരുന്നു. മനൊഹരമായിരുന്നു അത്. അതിനു കുറെ കൂട്ടുകാരുഉണ്ടായിരുന്നു. ഒരു ദിവസം അത് കാട്ടിലൂടെ നടന്നുപോകുകയായിരുന്നു. അപ്പോഴതാ വേട്ടക്കരൻ അതിനേ കാണുന്നു. മാനിനേ സ്വന്തമാകണമെന്ന് അയാൾ തീരുമാനിച്ചു. ഒരുദിവസം വേട്ടക്കാരൻ മാനിനെ പിടികൂടാൻ ശ്രമിച്ചു. അപ്പൊൾ തന്നേ സഹായിച്ച കൂട്ടുകാരേ അവൻമനസ്സിലാക്കുന്നു. ആപത്ത് സമയത്ത് രക്ഷിക്കാൻ കൂട്ടുക്കാരെത്തും

കുറിപ്പ്

# നമ്മുടെ നാട്

**പി. മുഹമ്മദ് യാസീൻ**



വയലുകളുടെ നാടായ വയനാടിന്റെ ഇന്നത്തെ  അവസ്ഥ നാം ആലോചിക്കണം.

ദൈവത്തിന്റെ സ്വന്തം നാട്.കർഷകരുടെ സ്വർഗ്ഗഭൂമി നമ്മുടെ സ്വന്തം

വയനാട്.  കവാടം പോലെ ചുറ്റി നിൽക്കുന്ന മലയോരങ്ങളും ഭടൻമാരെ പോലെ നിരന്നു നിൽക്കുന്ന മരങ്ങളും, പച്ചപ്പ് നിറഞ്ഞതുമായ വയനാട് ഇപ്പോൾ എന്തു കൊണ്ടും ഏറെ വ്യത്യസ്തമാണ് ഇതിനെല്ലാം കാരണം മനുഷ്യൻ തന്നെയാണ് ഉദാഹരണം പുത്തുമല ദുരന്തം .

രാത്രി അത്താഴം കഴിഞ്ഞ് കിടന്നുറങ്ങിയ പല കുടുംബങ്ങളും ഉണരാത്ത ഉറക്കത്തിലായി. ഇപ്പോഴും പ്രകൃതിയുടെ ആ കോപത്തിൽ പ്രകൃതിയുടെ അന്ധകാരത്തിലേക്ക് മുഴുകിയിരിക്കുകയാണ്

ശ്രദ്ധ ഇല്ലായ്മ.



.............................................